**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**Answer Sheet No. :** ..............................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**Test Booklet No.**

**D–2204**

**PAPER–II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page and also on the Answer Sheet given inside this booklet.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Serial No. of the booklet should be entered in the Answer-sheets and the Serial No. of Answer Sheet should be entered on this Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ⬬ (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर तथा इस पुस्तिका के अन्दर दिये गये उत्तर पत्रक पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या उत्तर-पत्रक पर अंकित करें और उत्तर-पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ⬬ (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले / काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

## PAPER-II

**Note :** This paper contains fifty (50) multiple choice questions each carrying two (2) marks. Mark the correct response in the answer sheet. All questions are compulsory.

**1.** ഭാരതത്തിനു പുറത്തു മാത്രം പ്രചാരത്തിലുള്ള ദ്രാവിഡ ഭാഷ

(A) കുറുഖ്

(B) മൽത്തോ

(C) ഖൊന്ദ്

(D) ബ്രാഹുയി

**2.** ലീലാതിലകത്തിലെ പാട്ടു നിർവ്വചനം ഏറെ യോജിക്കുന്ന കൃതി.

(A) രാമായണം കിളിപ്പാട്ട്

(B) തിരുനിഴൽ മാല

(C) കൃഷ്ണഗാഥ

(D) രാമകഥപ്പാട്ട്

**3.** രാമചരിതത്തിന് ഗ്രന്ഥത്തിൽ കാണുന്ന പേര്.

(A) ഇരാമ ചരിതം

(B) ചീരാമ ചരിതം

(C) രാമകഥാ ചരിതം

(D) രാമ ചരിതം

**4.** ലീലാതിലകത്തിൽ 'മലയാള' സംജ്ഞ പ്രയോഗിച്ചിട്ടുണ്ടോ?

(A) ഇല്ല

(B) ഒരു പ്രാവശ്യം

(C) രണ്ടാംശില്പം 18-ാം സൂത്രത്തിൽ മാത്രം

(D) പലപ്രാവശ്യം

**5.** 'ന്യൂനതോധമം' എന്ന ലീലാതിലക സൂത്രമനുസരിച്ച് ന്യൂനമായിരിക്കുന്നത്

(A) കേരള ഭാഷ

(B) രസം

(C) സംസ്കൃതം

(D) കേരള ഭാഷയും രസവും

6. ‘പുതു മലർക്കാവിൽ വന്നെഴുമിളം കൊടികളും
കൊടികൾ പൂവിതളിൽ നിൻറു തിരു മപ്പൊടികളും
ചുഴലവും കമുകിനൈത്തഴുകുമക്കൊടികളും
കൊടി നനൈപ്പാൻ വരും മൃദുനടുക്കൊടികളും’-
ഈ വരികൾ ഉൾക്കൊള്ളുന്ന പ്രാചിന കൃതി.

(A) ഭാഷാ നൈഷധം ചമ്പു
(B) സുജാതോദ്വാഹം
(C) ഉണ്ണിയാടീചരിതം
(D) ഇതൊന്നുമല്ല

7. രാമകഥപ്പാട്ട് പാടുന്നതിന് ഉപയോഗിച്ചിരുന്ന പ്രാചീന വാദ്യം

(A) നന്തുണി
(B) കടുന്തുടി
(C) ഇടയ്ക്ക
(D) ചന്ദ്രവളയം

8. തോല്പാവക്കൂത്തിൻെറ ഇതിവൃത്ത സ്വീകരണം

(A) വാല്മീകി രാമായണം
(B) കമ്പ രാമായണം
(C) അദ്ധ്യാത്മ രാമായണം
(D) അദ്ഭുത രാമായണം

9. ഭാരതം കിളിപ്പാട്ടിൻെറ രചനയ്ക്ക് എഴുത്തച്ഛനു മാർഗ്ഗദർശനം നൽകിയ കൃതി.

(A) കൃഷ്ണപ്പാട്ട്
(B) അനന്തപുരവർണ്ണനം
(C) ഭാരതമാല
(D) വാസുദേവസ്തവം

10. നമ്പ്യാത്തമിഴിൻെറ സവിശേഷത

(A) വിഭക്ത്യന്ത ഭാഷാ പദങ്ങൾ
(B) വിഭക്ത്യന്ത സംസ്കൃത പദങ്ങൾ
(C) മോന
(D) അന്താദിപ്രാസത്തിൻെറ സാന്നിദ്ധ്യം.

11. 'നമുക്കെഴുത്തച്ഛരനെടുത്ത ഭാഷാ ക്രമക്കണക്കേശരണം' - എഴുതിയതാര്?

(A) വെൺമണി

(B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) വള്ളത്തോൾ

(D) ഉള്ളൂർ

12. ''നാട്ടിലെ പ്രജകൾ നല്കീടും ഫലം
നഷ്ടമാകു മൊരുനാൾ നുപർക്കഹോ!
കാട്ടിലുള്ള മുനി വർഗ്ഗമോ തപ:
ഷഷ്ഠ ഭാഗമരുളുന്നു ശാശ്വതം'' - ഈ വരികളിലെ വൃത്തം.

(A) സ്വാഗത

(B) രഥോദ്ധത

(C) ഇന്ദ്ര വജ്ര

(D) ഉപ ജാതി

13. 'സുലളിത പദവിന്യാസാ
രുചിരാലംകാര ശാലിനീമധുരാ
മൃദുലാപി ഗഹന ഭാവാ
സൂക്തിരാവാവാപ സോർവശീ വിജയം'
ഉർവ്വശിയെ കവി എന്തിനോടാണ് ഉപമിച്ചിട്ടുള്ളത്.

(A) പദവിന്യാസം

(B) മൃദുലത

(C) സൂക്തി

(D) ഗഹന ഭാവം

14. നള ചരിതത്തിൻെറ വ്യാഖ്യാനങ്ങളുടെയും വ്യാഖ്യാതാക്കളുടെയും രണ്ടു പട്ടികകൾ നാലു വിധത്തിൽ ചേർത്തെഴുതിയിരിക്കുന്നു. ശരിയായത് ഏത്.

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | ദീപിക | 1. | എ.ആർ. രാജരാജവർമ്മ |
| b. | കാന്താരതാരകം | 2. | എം.എം.എച്. ശാസ്ത്രി |
| c. | രസിക കൗതുകം | 3. | പൻമനരാമചന്ദ്രൻ നായർ |
| d. | കൈരളി | 4. | ദേശമംഗലം |
| | | 5. | ഇളം കുളം |

(A) a - 4, b - 1, c - 2, d - 3
(B) a - 1, b - 5, c - 4, d - 2
(C) a - 3, b - 2, c - 5, d - 1
(D) a - 5, b - 4, c - 2, d - 3

15. താഴെ ക്കൊടുത്തവയിൽ ഏതാണ് കൃത്യമായി ച്ചേരുന്നത്.

(A) ഭാഷാ പോഷിണി - കൊട്ടാരത്തിൽ ശങ്കുണ്ണി

(B) പശ്ചിമതാരക - ഗുണ്ടർട്ട്

(C) വിദ്യാവിനോദിനി-സി.പി. അച്ചുതമേനോൻ

(D) സഹ്രുദയ-ശേഷഗിരിപ്രഭു

16. 'താമര സാക്ഷന്റെ മെത്തേടെ താഴത്തു
താങ്ങിക്കിടക്കുന്നവനെത്തലോടുന്ന
വമ്പന്റെ, കൊമ്പന്റെ, കൊമ്പൊന്നൊടിച്ചോന്റെ' - ഈ വരികൾ ഏതു തുള്ളലിൽ.

(A) കിരാതം

(B) സ്യമന്തകം

(C) പാത്ര ചരിതം

(D) കല്യാണ സൗഗന്ധികം

17. **കാര്യം :** തുള്ളൽ കൃതികൾ എഴുത്തച്ചൻ കൃതികളെപ്പോലെ ഗൗരവമായി പരിഗണിക്കപ്പെട്ടില്ല.

**കാരണം :** ജീവിതത്തെക്കുറിച്ച് ദാർശനികമായ കാഴ്ചപ്പാടുകൾ ആ കൃതി കൾ അവതരിപ്പിക്കുന്നില്ല.

(A) കാര്യം തെറ്റ്

(B) കാര്യവും കാരണവും തെറ്റ്

(C) കാര്യം ശരി, കാരണം തെറ്റ്

(D) കാര്യവും കാരണവും ശരി

18. അർണോസ് പാതിരിയുടെ നിഘണ്ടു.

(A) മലയാളം - ലത്തീൻ നിഘണ്ടു

(B) മലയാളം - മലയാളം നിഘണ്ടു

(C) മലയാളം - പോർത്തുഗീസ് നിഘണ്ടു

(D) മലയാളം - സുറിയാനി നിഘണ്ടു

19. ഉദയം പേരൂർ സുനഹദോസിന്റെ കാനോനകൾ മലയാളത്തിൽ തയ്യാറാക്കിയത്.

(A) യാക്കോക്കത്തനാർ

(B) പാറമ്മേക്കൽ തോമ്മാക്കത്തനാർ

(C) മെനേസിസ് മെത്രാപ്പോലീത്ത

(D) റോസ്പാതിരി

20. ചെമ്പ് + ഏട് = ചെപ്പേട് - ഈ വർണ വികാരത്തിലെ മാറ്റം:
(A) അനുനാസികാതിപ്രസരം
(B) ഖരാദേശം
(C) അനുനാസികസംസർഗ്ഗം
(D) താലവ്യാദേശം

21. രണ്ടു കർമ്മമുള്ള ക്രിയയുടെ പേര്
(A) സമ്പത്തിക്രിയ
(B) പ്രയോജക ക്രിയ
(C) വിശിഷ്ട ക്രിയ
(D) ഖില ക്രിയ

22. 'ശബ്ദങ്ങളെദ്ദാസരെയെന്നപോലെ
തനിയ്ക്കു കീഴാക്കിയ ശക്തിയുക്തൻ' - എന്ന് വള്ളത്തോൾ ആരെയാണ് പ്രശംസിച്ചത്.
(A) മുലൂർ പദ്മനാഭപ്പണിക്കർ
(B) കുണ്ടൂർ നാരായണ മേനോൻ
(C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(D) വെണ്മണി മഹൻ

23. ഏതാനും അവതാരികകളും അവ എഴുതിയവരുടെ പേരുകളും രണ്ടു പട്ടികയായി താഴെ കൊടുക്കുന്നു. അവ ചേർത്തെഴുതിയ നാലു ക്രമങ്ങളിൽ നിന്ന് ശരിയായതു തിരഞ്ഞെടുക്കുക.

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | ചിന്താവിഷ്ടയായ സീത | 1. | സി.ജെ. തോമസ് |
| b. | കേരളപാണിനീയം (ഒന്നാം പതിപ്പ്) | 2. | വടക്കുംകൂർ |
| c. | സാഹിത്യ ഭൂഷണം | 3. | ഉള്ളൂർ |
| d. | നീണ്ട കവിതകൾ | 4. | ആറ്റൂർ |
| | | 5. | കേരള വർമ്മ |

(A) a -4, b -5, c -3 d -1
(B) a -5, b -4, c -2, d -3
(C) a -2, b -3, c -5, d -4
(D) a -1, b -4, c -2, d -3

24. കുമാരനാശാൻെറ പ്രഥമപ്രകാശിത കൃതി:
(A) വീണപൂവ്
(B) ബാലരാമായണം
(C) സൗന്ദര്യ ലഹരീവിവർത്തനം
(D) ഗ്രാമവൃക്ഷത്തിലെ കുയിൽ

25. 'നിരൂപകൻ ഒരു അമ്പയറാണ്; ഇടയ്ക്കിടെ അയാൾ 'ഫൗൾ' എന്നു വിളിച്ചു പറയും.' ഈ പ്രസ്താവം ആരുടേത്?

(A) കെ.പി. അപ്പൻ

(B) വി. രാജകൃഷ്ണൻ

(C) ആഷാ മേനോൻ

(D) എസ്. ഗുപ്തൻ നായർ

26. നവീന പാരിസ്ഥിതിക വിമർശനത്തിൽ ആവർത്തിച്ചു പരാമർശിക്കപ്പെടുന്ന ഒരു കവിത:

(A) ഓണപ്പാട്ടുകാർ

(B) കുറ്റിപ്പുറം പാലം

(C) സൂര്യകാന്തി

(D) കേരളം വളരുന്നു

27. ഒന്നാം പട്ടികയും രണ്ടാം പട്ടികയും നാലു വിധത്തിൽ ചേർത്തെഴുതിയിട്ടുണ്ട്. ശരിയായത് ഏത്.

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | തന്നയൽപക്കത്തരവയർ നിറയാപ്പെണ്ണിനു.<br>പെരുവയർ നല്കും മർത്ത്യനുസ്തുതി<br>പാടുക നാം | 1. | ആറ്റൂർ രവി വർമ്മ |
| b. | പെരു വഴിയേ പോകും ഞങ്ങൾ<br>പുതു വഴി വഴിപാടിനു മാത്രം | 2. | കടമ്മനിട്ട |
| c. | അന്ധർ നിൻ തുമ്പിയോകൊമ്പോ<br>പള്ളയോതൊട്ടിടഞ്ഞിടാം<br>എനിക്കു കൊതി നിൻവാലിൻ രോമം<br>കൊണ്ടൊരു മോതിരം. | 3. | മാധവൻ അയ്യപ്പത്ത് |
| d. | അറിയാം കാറോടിക്കാനോമലിന്നേകീട്ടുണ്ട്<br>കഴിയാൻ പണം പിന്നെ കുണ്ഡിനുപുരിയില്ലേ? | 4. | അയ്യപ്പപ്പണിക്കർ |
| | | 5. | കക്കാട് |

(A) a -5, b -3, c -4, d -2

(B) a -4, b -5, c -1, d -2

(C) a -3, b -1, c -5, d -2

(D) a -2, b -3, c -4, d -1

28. വയലാർ, പി. ഭാസ്കരൻ, ഓ.എൻ.വി. എന്നിവരുടെ കവിതകളുടെ സവിശേഷതകൾ താഴെക്കൊടുക്കുന്നു. ശരിയായ ക്രമം ഏത്?

1. വിപ്ളവാഭിമുഖ്യം
2. സംഗീതാത്മകത
3. കാല്പനിക വിരുദ്ധ പ്രവണതകൾ
4. ആധുനിക പാശ്ചാത്യ സങ്കേതങ്ങളോടുള്ള ആധമർണ്യം

(A) 1 മാത്രം ശരി (B) 2 ഉം 4 ഉം ശരി
(C) 2 ഉം 3 ഉം ശരി (D) 1 ഉം 2 ഉം ശരി

29. ചില കഥാപാത്രങ്ങളുടെയം അവരെ സൃഷ്ടിച്ച നോവലിസ്റ്റുകളുടെയും പേരുകളുടെ രണ്ടു പട്ടികകൾ നാലു വിധത്തിൽ ചേർത്തെഴുതിയിട്ടുണ്ട്. ശരിയായത് ഏത്?

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | കുഞ്ഞേനാച്ചൻ | 1. | എം.ടി. വാസുദേവൻ നായർ |
| b. | അപ്പുക്കിളി | 2. | സി.വി. രാമൻ പിള്ള |
| c. | കുഞ്ചൈകുട്ടിപ്പിള്ള | 3. | പാറപ്പുറത്ത് |
| d. | വിമല | 4. | സർദാർ കെ.എം. പണിക്കർ |
| | | 5. | ഓ.വി. വിജയൻ |

(A) a - 5, b - 2, c - 4, d - 1 (B) a - 3, b - 5, c - 2, d - 1
(C) a - 4, b - 3, c - 2, d - 5 (D) a - 1, b - 4, c - 3, d - 5

30. വൈലോപ്പിള്ളിക്കവിതയെ മനഃശാസ്ത്രപരമായി അപഗ്രഥിച്ച വിമർശകൻ.

(A) നിത്യ ചൈതന്യയതി (B) എം.എൻ. വിജയൻ
(C) കെ. എം. തരകൻ (D) ഡി. ബഞ്ചമിൻ

31. ജീവ ചരിത്രങ്ങളുടെയും ജീവ ചരിത്രകാരന്മാരുടെയും രണ്ടു പട്ടികകൾ നാലു വിധത്തിൽ ചേർത്തെഴുതിയിട്ടുണ്ട്. ശരിയായത് ഏത്?

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | കഴിഞ്ഞ കാലം | 1. | മന്നത്തു പദ്മനാഭൻ |
| b. | ജീവിത സമരം | 2. | സി. അച്ച്യുതമേനോൻ |
| c. | അരങ്ങു കാണാത്ത-നടൻ | 3. | തിക്കൊടിയൻ |
| d. | എൻെറ ജീവിത - സ്മരണകൾ | 4. | കെ.പി. കേശവ മേനോൻ |
| | | 5. | ബി. കേശവൻ |

(A) a - 4, b - 5, c - 3, d - 1 (B) a - 5, b - 2, c - 1, d - 3
(C) a - 3, b - 1, c - 5, d - 2 (D) a - 2, b - 3, c - 5, d - 1

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഖണ്ഡം വായിച്ചു തുടർന്നുള്ളചോദ്യങ്ങൾക്കു ഉത്തരമെഴുതുക:**

ശീലിലും ശൈലിയിലും മലയാളത്തനിമയാർന്ന ഒരു കാവ്യപാരമ്പര്യം കരുപ്പിടിക്കുന്നതു വടക്കു കോലത്തിരിയുടെകോവിലകത്തളത്തിലാകുന്നു. പഴയ ചമ്പൂകാവ്യങ്ങളിൽ നിന്നും അച്ചീചരിതങ്ങളിൽ നിന്നും ചമ്പൂപ്രബന്ധങ്ങളിൽ നിന്നും അവയുടെ ശേഷമുണ്ടായ സന്ദേശ കാവ്യങ്ങളിൽ നിന്നും എല്ലാം വേറിട്ടു നിൽക്കുന്ന ഒരു പ്രസ്ഥാനമാണല്ലോ കൃഷ്ണപ്പാട്ടിൻെറ ഉദ്ഭവത്തോടെ ഉദ്ഘാടനം ചെയ്യപ്പെട്ടുത്.

മലയാളത്തനിമയുടേതായ ഒരു കാവ്യശൈലി, മറ്റു പലതിനുമൊപ്പം ശ്രോതാക്കളുടെ ഒരു പുതിയ സമൂഹത്തെയും ആ സമൂഹത്തിൻെറ ആശയാഭിലാഷങ്ങളെയും കൂടി സൂചിപ്പിക്കുന്നുണ്ട്. പഴയ ഭക്തിപ്രസ്ഥാന കൃതികളെപ്പോലെ ക്ഷേത്രകേന്ദ്രങ്ങളുടെയോ തനിത്തനിയായ ദേവന്മാരുടെയോ വർണ്ണനകൾ ചെറുശ്ശേരിയുടെയോ എഴുത്തച്ഛൻെറയോ കൃതികളിലില്ല. മണിപ്രവാള കൃതികളിലെപ്പോലുള്ള അങ്ങാടി വർണ്ണനകളോ അമ്പലവട്ടങ്ങളിലെ സുഖസൗകര്യങ്ങളോ അതുമില്ല. കവിതയുടെ സദസ്സിൽ തന്നെ വന്ന ഒരു മാറ്റമാണ് ഇതിവൃത്തങ്ങളിലും വർണ്ണ്യ വസ്തുക്കളിലും വന്ന ഈ മാറ്റങ്ങളുടെ അടിയിലുള്ളത്. വിശിഷ്ടാവകാശങ്ങളും ധാരാളം സമ്പത്തും നേരമ്പോക്കിനു ഇഷ്ടംപോലെ സമയവുമുള്ള ഒരു കൂട്ടായ്മയുടേതിൽ നിന്നു വ്യത്യസ്തമായ സ്വഭാവം ചെറുശ്ശേരി എഴുത്തച്ഛൻ മുതൽ പേരുടെ കൃതികളെ പുതുമയണിയിക്കുന്നു. കേവലം പാരമ്പര്യമൊപ്പിച്ചുള്ള കാവ്യ സങ്കേതങ്ങൾക്കു പകരം പുതിയ ഒരു ഭാഷയും പ്രതിപാദന ശൈലിയും അരങ്ങേറുന്നു. ആത്മാർത്ഥതയും ഹൃദയത്തിൻെറ ഭാഷയും നമ്മുടെ നാടൻ പാട്ടു സമുച്ചയും കഴിഞ്ഞാൽ പിന്നെ ഏറ്റവും ശക്തിയായി സ്പന്ദിക്കുന്നതു ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം മുതലായവരുടെ കൃതികളിലാണ്. പഴയ മണിപ്രാവാളത്തിൻെറ സങ്കേത ജടിലമായ ഒരു ധാര സമാന്തരമായി ഇക്കാലത്തും പിന്തുടർന്നു പോരുന്നുണ്ട്. കൃത്തരങ്ങിൽ കൂടിയാട്ടത്തെ ത്തുടർന്നു കൃഷ്ണനാട്ടവും കഥകളിയുമൊക്കെ അരങ്ങത്തെത്തിയ പോലെ.

മലയാളത്തനിമയുടെ ഈ കാവ്യ രൂപത്തിൻെറ സ്വഭാവം നന്നായറിയാൻ ഹൈന്ദവഭക്തിയുടേതായ ഈ കൃതികൾക്കു പുറമേ ഇക്കാലത്തേക്കു കേരളീയ ജനതയിലെ ഗണനാർഹ വിഭാഗങ്ങളായിത്തീർന്ന മുസ്ലീം ക്രിസ്ത്യൻ വിഭാഗങ്ങളുടെ സാഹിത്യം കൂടി പരിശോധിക്കുന്നതു നന്ന്. അർണ്ണോസുപാതിരി മുതലായവരുടെ കൃതികൾ ശൈലിയിലും ഉള്ളടക്കത്തിലും എഴുത്തച്ഛൻെറ കിളിപ്പാട്ടുകളുമായി സമാനതകളുള്ളവയാണ്. മുസ്ലീങ്ങളുടെ ചില മാലപ്പാട്ടുകളും -പ്രത്യേകിച്ചു മുഹിയുദീൻമാല ഭക്തി സാന്ദ്രവും പ്രാർത്ഥനാമയവുമായ വൈകാരികത നിറഞ്ഞവയാകുന്നു. ഈ രണ്ടു വകുപ്പിലും പെട്ട കൃതികൾ ഭാരതീയേതരമായ ഇതിവൃത്തങ്ങളും മതപരമായ ആശയങ്ങളും മലയാളത്തിലേക്കാവാഹിക്കുന്നു. കാവ്യശ്രോതാക്കളും കാവ്യ വിഷയങ്ങളും മാറി വരുന്നതാണിവിടെ വരുന്ന വ്യതിയാനം.

ചെറുശ്ശേരി, എഴുത്തച്ഛൻ മുതൽക്കിങ്ങോട്ടു രാമപുരത്തു വാരിയർ വരെയുള്ളവരുടെ കൃതികൾ ഒറ്റയ്ക്കൊറ്റയ്ക്കെടുത്താൽ ഓരോന്നും സ്വയം പൂർണ്ണവും ഒന്നിനൊന്നു വ്യത്യസ്തവുമായിത്തോന്നാം. എന്നാൽ ഇവയിലെല്ലാം പ്രതിഫലിക്കുന്ന ഏകരൂപമായ പ്രകാ

ശന രൂപം ശ്രദ്ധാർഹമാകുന്നു. മലയാള കാവ്യപാരമ്പര്യത്തിലെ ഈ കണ്ണികളോരോന്നും ഉള്ളടക്കത്തിന്റെ കാര്യത്തിൽ ആശ്രയിക്കുന്നതു ഭാരതീയ പാരമ്പര്യത്തിന്റെ പൊതു മുതലായ ഇതിഹാസപുരാണാദികളെത്തന്നെ. മധ്യകാലാരം ഭത്തോടെ കേരളീയ സമൂഹത്തിൽ ചേർന്നിണങ്ങിയ ബ്രാഹ്മണ സമൂഹത്തിന്റെ സാംസ്കാരിക പ്രരൂപമാണത്. ബ്രാഹ്മണീയമായ ഈ ഭാരതബൃഹത് പാരമ്പര്യത്തിലേക്കു പ്രാദേശിക കൂട്ടായ്മകളെ സാത്മീകരിച്ചെടുക്കാൻ ഈ കൃതികളും അവയുടെ ആവിഷ്കാര പ്രരൂപവും സവിശേഷം ഉതകി.

**32.** ചെറുശ്ശേറിയുടെയോ എഴുത്തച്ഛന്റെയോ കൃതികളിൽ ഇവ കാണുന്നില്ല.

1. ക്ഷേത്രവർണ്ണനകൾ
2. ഒറ്റയൊറ്റ ദേവ വർണ്ണനകൾ
3. ഭാരതീയ പുരാണേതിഹാസങ്ങൾ
4. അങ്ങാടി വർണ്ണനകൾ

(A) 1 ഉം 2 ഉം 4 ഉം
(B) 2 ഉം 3 ഉം
(C) 1 ഉം 4 ഉം
(D) 4 ഉം 2 ഉം

**33.** അർണോസ് പാതിരിയുടെ കൃതികൾക്ക് ശൈലീപരമായി അടുപ്പമുള്ളത്

1. എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും കൃതികളോട്
2. എഴുത്തച്ഛന്റെ കൃതികളോട്
3. മണി പ്രവാള കൃതികളോട്
4. നാടൻ പാട്ടുകളോട്

(A) 1
(B) 2
(C) 1 ഉം 4 ഉം
(D) 3

**34.** എ. പ്രാചീനമണിപ്രവാള കൃതികളിൽ നിന്ന് എഴുത്തച്ഛനിലേയ്ക്കും തുടർന്നു രാമപുരത്തു വാരിയരിലേയ്ക്കും എത്തുമ്പോൾ മലയാള കാവ്യഗതിയിൽ സാരമായ മാറ്റങ്ങളുണ്ടായി

ബി. ഇക്കാലത്തു കാവ്യാസ്വാദകരുടെ കൂട്ടായ്മയിൽ വമ്പിച്ച മാറ്റങ്ങളുണ്ടായി

(A) എ ഉം ബി ഉം ശരി
(B) എ ഉം ബി ഉം തെറ്റ്
(C) എ ശരി ബി തെറ്റ്
(D) എ തെറ്റ് ബി ശരി

35. മുഹിയുദീൻ മാലയ്ക്കും അർണ്ണോസ് പാതിരിയുടെ കൃതികൾക്കും

1. എഴുത്തച്ഛൻ കൃതികളിലേതുപോലുള്ള ഭക്തി
2. പ്രാർത്ഥനാത്മകത
3. ഭക്തിയും പ്രാർത്ഥനാത്മകതയും ചേർന്ന വികാര പരത
4. ഭാരതീയ ഇതിവൃത്തങ്ങൾ

(A) 1

(B) 2

(C) 3

(D) 1 ഉം 4 ഉം

36. നിങ്ങൾ വായിച്ച ഖണ്ഡത്തിനു ഉചിതമായ ശീർഷകം.

1. മലയാളത്തിലെ ഭക്തി സാഹിത്യം
2. മലയാളത്തിലെ ഭാരതീയ പാരമ്പര്യം
3. മലയാള കവിതയിലെ ഭാരതീയ പാരമ്പര്യം
4. മലയാള കവിതയിലെ മതാത്മകത

(A) 1

(B) 2

(C) 3

(D) 4

37. നിങ്ങൾ വായിച്ച ഖണ്ഡത്തിലെ ഉപപാദനത്തിൻെറ സ്വഭാവം

1. വിമർശനാത്മകവും ദാർശനികവും
2. വിശകലനാത്മകം
3. ചരിത്രാത്മകവും വിശകലനാത്മകവും
4. വിമർശനാത്മകം

(A) 1

(B) 2

(C) 3

(D) 4

38. കാലക്രമമനുസരിച്ച് ചേർച്ചയുള്ള ഗണം തിരഞ്ഞെടുക്കുക.

(A) മലയാള ചെറുകഥാ സാഹിത്യ ചരിത്രം, ചെറുകഥാ പ്രസ്ഥാനം, കഥ ആഖ്യാനവും അനുഭവസത്തയും, ചെറുകഥ ഇന്നലെ ഇന്ന്.

(B) ചെറു കഥാപ്രസ്ഥാനം,ചെറുകഥ ഇന്നലെ ഇന്ന്, കഥ ആഖ്യാനവും അനുഭവ സത്തയും മലയാള ചെറുകഥാ സാഹിത്യ ചരിത്രം.

(C) കഥ ആഖ്യാനവും അനുഭവസത്തയും, ചെറുകഥ ഇന്നലെ ഇന്ന്, ചെറുകഥാ പ്രസ്ഥാനം, മലയാള ചെറുകഥാ സാഹിത്യ ചരിത്രം.

(D) മലയാള ചെറുകഥാ, സാഹിത്യ ചരിത്രം, കഥ-ആഖ്യാനവും അനുഭവസ്ത്തയും, ചെറുകഥാ പ്രസ്ഥാനം, ചെറുകഥ-ഇന്നലെ ഇന്ന്.

39. സാഹിത്യ കൃതികളുടെയും പ്രസ്ഥാനങ്ങളുടെയും രണ്ടുപട്ടികകൾ നാലുവിധത്തിൽ ചേർത്തെഴുതിയിട്ടുണ്ട്. ശരിയായത് ഏത്?

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | മര്യാദരാക്ഷസന്മാർ | 1. | ഭാഷാ ശാസ്ത്രം |
| b. | പൂർവ്വകേരള ഭാഷ | 2. | യാത്രാവിവരണം |
| c. | അടരുന്ന കക്കകൾ | 3. | ആത്മകഥ |
| d. | അർഥവിരാമം | 4. | ലഘുപന്യാസം |
| | | 5. | ജീവചരിത്രം |

(A) a-4, b-1, c-2, d-3

(B) a-1, b-4, c-3, d-5

(C) a-2, b-3, c-5, d-4

(D) a-5, b-2, c-1, d-4

40. രചനാകാലമനുസരിച്ച് ശരിയായ ക്രമമേത്?

(A) കോക സന്ദേശം - ഉണ്ണു നീലി സന്ദേശം-മയൂര സന്ദേശം - ഭൃംഗ സന്ദേശം

(B) ഭൃംഗസന്ദേശം - ഉണ്ണുനീലിസന്ദേശം - കോക സന്ദേശം - മയൂര സന്ദേശം

(C) ഉണ്ണുനീലിസന്ദേശം - കോക സന്ദേശം - മയൂര സന്ദേശം - ഭൃംഗസന്ദേശം

(D) കോക സന്ദേശം - ഭൃംഗസന്ദേശം-ഉണ്ണു നീലി സന്ദേശം, മയൂര സന്ദേശം

41. **കാര്യം :** കൃഷ്ണഗാഥയിൽ ആധുനിക മലയാളം ആരംഭിക്കുന്നു.

**കാരണം :** എഴുത്തച്ഛൻെറ പൂർവ്വഗാമിത്വം

(A) കാര്യം തെറ്റ്, കാരണം ശരി

(B) കാര്യം ശരി, കാരണം തെറ്റ്

(C) കാര്യവും കാരണവും ശരി

(D) കാര്യവും കാരണവും തെറ്റ്

42. വടക്കൻ പാട്ടുകൾ ശേഖരിച്ചു രേഖപ്പെടുത്തിയ ഗവേഷകർ.

1. വില്യം ലോഗൻ, ബ്രണ്ണൻ സായിപ്പ്, എം.സി. അപ്പുണ്ണിനമ്പ്യാർ
2. ബഞ്ചമിൻബെയ്‌ലി, ഗുണ്ടർട്ട്, ചേലനാട്ട് അച്ചുത മേനോൻ
3. ഗുണ്ടർട്ട്, പെഴ്സി മകിൻ, ചേലനാട്ട് അച്ചുത മേനോൻ
4. ചിറക്കൽ ബാലകൃഷ്ണൻ നായർ, വെട്ടിയൂർ പ്രേംനാഥ്, കെ.എൻ. എഴുത്തച്ഛൻ

(A) 1 ഉം 4 ഉം ശരി

(B) 2 മാത്രം ശരി

(C) 1 ഉം 3 ഉം ശരി

(D) 3 മാത്രം ശരി

43. **കാര്യം :** നളചരിതത്തിന് ഏറെക്കാലത്തേക്ക് അവതരണ സൗഭാഗ്യമുണ്ടായില്ല.

**കാരണം :** മണി പ്രവാള ഭാഷാശൈലി

(A) കാര്യം ശരി, കാരണവും ശരി

(B) കാരണം ശരി, കാര്യം തെറ്റ്

(C) കാര്യം ശരി, കാരണം തെറ്റ്

(D) കാര്യവും കാരണവും തെറ്റ്

44. കാവാലം നാരായണപ്പണിക്കരുടെ നാടകങ്ങൾക്കു പൊരുത്തപ്പെടുത്താവുന്ന ഏതാനും പ്രസ്താവനകൾ താഴെക്കൊടുക്കുന്നു. ഏതൊക്കെയാണ് ശരി?

1. ചരിത്രപുരാണ കഥാപാത്രങ്ങളെ നായക കഥാപാത്രങ്ങളാക്കി.
2. നാടോടിക്കഥാപാത്രങ്ങളെ അവതരിപ്പിച്ചു.
3. കാവ്യ നാടകരീതി അവലംബിച്ചു.
4. ലോകധർമ്മിയേയും നാട്യ ധർമ്മിയേയും സമഞ്ജസമായി സമ്മേളിപ്പിച്ചു.
5. റിയലിസ്റ്റിക് രീതി സ്വീകരിച്ചു.

(A) 1 ഉം 3 ഉം ശരി

(B) 2 ഉം 5 ഉം ശരി

(C) 2 വം 3 ഉം 4 ഉം ശരി

(D) 2 ഉം 5 ഉം മാത്രം ശരി

45. ഒറ്റ നാടകം മാത്രമെഴുതി നാടകത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡു നേടിയത്.

(A) ടി. പദ്മനാഭൻ

(B) എം. ടി. വാസുദേവൻ നായർ

(C) വി.കെ. ബാലകൃഷ്ണൻ

(D) ജി. വിവേകാനന്ദൻ

46. ആധുനിക സാഹിത്യത്തെക്കുറിച്ചുള്ള പഠന ഗ്രന്ഥങ്ങളുടെയും ഗ്രന്ഥകർത്താക്കളുടെയും രണ്ടു പട്ടികകൾ നാലു വിധത്തിൽ ചേർത്തെഴുതിയിരിക്കുന്നു. ശരിയായത് ഏത്?

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | മുഹൂർത്തങ്ങൾ | 1. | എൻ. അജയകുകർ |
| b. | ആധുനികത മലയാള കവിതയിൽ | 2. | ജി. മധുസൂദനൻ |
| c. | ഇടപെടലുകൾ | 3. | സച്ചിദാനന്ദൻ |
| d. | കഥയും പരിസ്ഥിതിയും | 4. | പി.പി. രവീന്ദ്രൻ |
| | | 5. | വി.സി. ശ്രീജൻ |

(A) a-5, b-2, c-3, d-1

(B) a-3, b-1, c-4, d-2

(C) a-1, b-5, c-4, d-3

(D) a-3, b-2, c-5, d-1

47. മലയാളി മലയാളത്തിലെഴുതിയ ആദ്യത്തെ മലയാള വ്യാകരണം

(A) ലീലാതിലകം

(B) മലയാഴ്മയുടെ വ്യാകരണം

(C) കേരള കൗമുദി

(D) കേരള ഭാഷാ വ്യാകരണം

48. കാലക്രമമനുസരിച്ചുള്ള ഗണം തിരഞ്ഞെടുക്കുക.

(A) രാജ്യ സമാചാരം - പശ്ചിമോദയം - ജ്ഞാന നിക്ഷേപം - ഭാഷാപോഷിണി

(B) രാജ്യസമാചാരം - പശ്ചിമോദയം - ഭാഷാപോഷിണി - ജ്ഞാന നിക്ഷേപം

(C) പശ്ചിമോദയം - ജ്ഞാന നിക്ഷേപം - രാജ്യ സമാചാരം - ഭാഷാപോഷിണി

(D) ജ്ഞാന നിക്ഷേപം - ഭാഷാപോഷിണി - പശ്ചിമോദയം - രാജ്യസമാചാരം

49. ഒന്നാം പട്ടികയും രണ്ടാം പട്ടികയും നാലു വിധത്തിൽ ചേർത്തെഴുതിയിരിക്കുന്നു. ശരിയേത്.

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | കലി | 1. | തോപ്പിൽ ഭാസി |
| b. | ഇടാൻ മറന്ന ഇഴ | 2. | പി.ജെ. ആൻറണി |
| c. | മാതൃകാമനുഷ്യൻ | 3. | സി.എൻ. ശ്രീകണ്ഠൻ നായർ |
| d. | നമ്മളൊന്ന് | 4. | കൈനിക്കര കുമാരപിള്ള |
| | | 5. | ചെറുകാട് |
| | | 6. | ജി. ശങ്കരപ്പിള്ള |

(A) a-6, b-1, c-5, d-2
(B) a-2, b-3, c-5, d-1
(C) a-3, b-6, c-4, d-5
(D) a-5, b-4, c-1, d-2

50. ശാസന ഭാഷയേക്കുറിച്ചുള്ള അഭിപ്രായങ്ങളും അവയുടെ അവതാരകരുടെ പേരുകളും രണ്ടു പട്ടികകളിൽ കൊടുക്കുന്നു. ഉത്തരങ്ങളുടെ നാലു ക്രമങ്ങളും കൊടുത്തിട്ടുണ്ട്. ശരിയായത് ഏത്?

| | പട്ടിക-I | | പട്ടിക-II |
|---|---|---|---|
| a. | രാജഭാഷയിൽ വ്യവഹാര ഭാഷ നുഴഞ്ഞു കയറിയതാണ് ശാസന ഭാഷ | 1. | ഇളംകുളം കുഞ്ഞൻ പിള്ള |
| b. | ശാസന ഭാഷയിൽ കേരള പാണിനിയുടെ നയങ്ങൾ ക്രമമായി പ്രവർത്തിക്കുന്നതു കാണാം | 2. | സി.എൻ. ആൻറണി |
| c. | എല്ലാ ശാസനങ്ങളും മലയാള ഭാഷാ ചരിത്ര പഠനത്തിന് ഉപകരിക്കുന്നവയല്ല. | 3. | കെ.എൻ. എഴുത്തച്ഛൻ |
| d. | മലയാള ശാസനങ്ങൾ സാംസ്കാരിക സമന്വയത്തിൻെറ പ്രതീകങ്ങളാണ് | 4. | എ.സി. ശേഖർ |
| | | 5. | എം.ജി.എസ്. നാരായണൻ |
| | | 6. | ശൂരനാട്ടു കുഞ്ഞൻ പിള്ള |

(A) a-2, b-4, c-1, d-5
(B) a-6, b-5, c-3, d-2
(C) a-5, b-3, c-1, d-2
(D) a-4, b-1, c-6, d-2

- o O o -

**Space For Rough Work**